


ചെറുകഥ

# ഭാവി

മുഹമ്മദ്. പി.വി
എം.എസ്.സി കമ്പ്യൂട്ടർ സയൻസ്

സുരേഷ് ഒരു എയ്ഡഡ് സ്കൂളിൽ അധ്യാപകനാണ്. ഇന്നലെയും മകനെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ചേർക്കുന്നതിൽ അയാൾ തടസ്സം നിന്നതിനാൽ ഭാര്യ അയാളുമായി വഴക്കുകൂടിയിരുന്നു.

എന്നാൽ ഭാര്യ മകനെ ഫസ്റ്റ്സാറ്റാൻഡേർഡിൽ ചേർത്തിരിക്കുന്നു. അവളുടെ മുഖത്ത് കണ്ട വിജയഭാവം അയാൾ മനസ്സിലാക്കി. എങ്കിലും ഒന്നും മിണ്ടിയില്ല. ഒരു കുട്ടിയുടെ എണ്ണം കുറഞ്ഞതിനാൽ ജോലി നഷ്ടപ്പെട്ടിട്ടും അയാൾ മകനെ ഡോക്ടറാക്കാൻ പോകുന്നതിനെ കുറിച്ച് സ്വപ്നം കണ്ടു.

# ദേശാന്തരികൾ

ചെറുകഥ
ധന്യ
രണ്ടാംവർഷ ബോട്ടണി



**തീപാറുന്ന** ചൂടിൽ ലയിച്ചുവരുന്ന കാറ്റ് മണലുകളെ നീക്കി നീക്കി കൊണ്ടുപോയി. മുമ്പേ പതിഞ്ഞ യാത്രികരുടെ കാലടിപ്പാടുകൾ മയച്ചുകൊണ്ടിരുന്നു. അവ പുതിയ പാദമുദ്രകൾ ഏൽക്കാൻ ഉത്സാഹിക്കും പോലെ.

ഉമിത്തീപോലെയെരിയുന്ന ആ മണൽത്തിട്ടകളിൽ എന്തോ ഇഴയുന്നു. ദൂരെ നിന്നുള്ള വ്യൂ. പതുക്കെ അത് സൈറ്റിൽ നിറഞ്ഞു. ചെറുപ്പക്കാരിയായ അമ്മയും ഒരു അഞ്ചു വയസ്സു പ്രായം തോന്നിക്കുന്ന മകനും.

വളരെ മുഷിഞ്ഞ വസ്ത്രങ്ങളായിരുന്നു അവർ ധരിച്ചിരുന്നത്. ഒട്ടിയകവിളുകളിൽ വറ്റിവരണ്ട കണ്ണീർ ചാലുകൾ.

അവളുടെ പാറിപ്പറന്ന എണ്ണമയമില്ലാത്ത മുടി മുഖത്തേക്ക് കാറ്റിൽ വീണുകൊണ്ടിരുന്നു. പക്ഷേ അവൾ അത് ഒതുക്കുന്നില്ല. പകരം രണ്ടുകൈകൊണ്ടും സ്വന്തം മകനെ മാറോട് ചേർത്തുപിടിച്ച് ഇഴയുകയാണ്.

“വെള്ളം....വെള്ളം...”

മരണം വരിച്ചിട്ടില്ല എന്നു കാണിക്കാനെന്നവണ്ണം പാതിയും ചത്തമട്ടിലുള്ള ആ കുട്ടിയുടെ ചുണ്ടുകൾ ചലിച്ചു.

പെട്ടെന്ന് ക്യാമറ കുട്ടിയിലേക്കു മാത്രമായി. പാതിയടഞ്ഞ അവന്റെ മിഴികൾ, തുറന്നവായ, വരണ്ട നാവ്... ബാല്യത്തിന്റെ നിഷ്കളങ്കതയും നൈർമല്യവും നഷ്ടപ്പെട്ട ആ ഇരുണ്ട രൂപം, ഒരു നിമിഷമെങ്കിലും മനസ്സിൽ മുറിവുണ്ടാക്കി.

ഇപ്പോൾ സ്ക്രീനിൽ അമ്മയും കുഞ്ഞും ഉണ്ട്, അമ്മ കുട്ടിയെ അൽപ്പനേരം നോക്കി. എന്നിട്ട് കുട്ടിയെ മണലിൽ കിടത്തിയിട്ട് മുകളിലേക്ക് നോക്കി കൈനീട്ടി ആർത്തുകരഞ്ഞു.

പക്ഷേ തൊണ്ടയിൽ നിന്ന് ശബ്ദം പുറത്തുവന്നില്ല. വറ്റിവരണ്ട കണ്ണിൽ ഒരു തുള്ളി പോലും കണ്ണുനീർ അവശേഷിച്ചിരുന്നില്ല.

തലതല്ലി അവൾ ആർത്തു കൊണ്ടിരുന്നു. പെട്ടെന്ന് എന്തോ ഒരു ബോധോദയം വന്നപോലെ അവൾ വെപ്രാളത്തോടെ എഴുന്നേറ്റ് അടുത്തുണ്ടായിരുന്ന ഒരു കമ്പെടുത്ത് മണ്ണിൽ കുത്തി ഒരിറ്റുവെള്ളത്തിനുവേണ്ടി. തികച്ചും ഭ്രാന്തമായ ചേഷ്ടകളായിരുന്നു അവൾക്ക്.



മരണത്തോട് മല്ലിട്ടു കൊണ്ടിരുന്ന മകനെ രക്ഷിക്കാൻ എന്തു ചെയ്യുമെന്നറിയാതെ അവൾ പകച്ചു.

പിന്നീടുള്ളത് വികാര നിർഭരമായ നിമിഷങ്ങളായിരുന്നു. അവൾ ഭ്രാന്തിയെപോലെ തന്റെ കുപ്പായങ്ങൾ വലിച്ചു കീറി. കണ്ണിൽ രൂക്ഷതയേറി. അവളുടെ മാതൃത്വം കേണു. മെഴുകുതിരി ഉരുകിയൊലിക്കുന്ന ഭാവമായിരുന്നു അവളുടെ മുഖത്ത്.

വീണ്ടും ക്യാമറ കുട്ടിയുടെ മുഖത്തേക്ക്.....

അവന്റെ ചുണ്ടത്ത് ചോരത്തുള്ളികൾ വീണു കൊണ്ടിരിക്കുന്നു. അവൻ അവ നക്കികൊണ്ടിരുന്നു.

അവൻ നക്കി ദാഹമടക്കുന്ന ആ ചോരത്തുള്ളികൾ അവളുടെ ജീവനായിരുന്നു; അവളുടെ മാറിൽ നിന്നും ഉതിർന്ന അവളുടെ ജീവൻ.

മകന്റെ ദാഹമകറ്റാൻ അമ്മയുടെ പൊള്ളുന്ന ഹൃദയത്തിൽ നിന്ന് ഒഴുകിയ അടങ്ങാത്ത സ്നേഹത്തിന്റെ രക്തകണങ്ങൾ, അവന്റെ വായിലേക്കുറ്റികൊണ്ടിരുന്നു.

ഇതായിരുന്നു അവസാനം. പത്തിരുപതുമിനിറ്റു ദൈർഘ്യമുണ്ടായിരുന്ന ആ ടെലിഫിലീം ഒരു പ്രഹേളിക പോലെ തോന്നി.

സ്ക്രീനിൽ പേരുകൾ തെളിഞ്ഞു. അവ മുകളിലേക്ക് പോകുന്നു. അവൾ റിമോട്ടെടുത്ത് ടെലിവിഷൻ ഓഫ് ചെയ്ത് ഉറങ്ങാൻ കിടന്നു.

മനസ്സ് കടുത്ത സംഘർഷത്തിലാണ്. കണ്ണടച്ചാൽ തെളിയുന്നത് ആ രണ്ടുമുഖങ്ങൾ മാത്രം. ആ കടങ്കഥക്കുത്തരം കാണാൻ മാത്രം അവളുടെ മനസ്സ് പാകപ്പെട്ടിട്ടില്ല. കണ്ണിനുമുമ്പിലിപ്പോഴും ടി.വി സ്ക്രീനാണ്. ചാനലുകൾ മാറിക്കൊണ്ടിരുന്നു. കായലോരത്തെ ചീനവലകൾ, മനുഷ്യശരീരങ്ങൾ, ഇരുണ്ട കാടുകൾ, ഇന്ദ്രപ്രസ്ഥം, വൈദ്യുതി വിളക്കുകൾ കത്തിക്കൊണ്ടിരിക്കുന്ന രാത്രിയിലെ തെരുവുകൾ, യുദ്ധ ഭൂമികൾ, നാഡിക്കിലെ പൂക്കൾ, ഖജുരാഹോ.......

എവിടെ നിന്നും അവൾക്ക് ഒരു തുള്ളി വെള്ളം കിട്ടിയില്ല.

ഉജ്ജയിനി............

മേഘകാവ്യം വർഷിച്ച തീരം. ആ തീരത്തുനിന്ന് അവൾക്ക് അൽപ്പം വെള്ളം കിട്ടി. മനസ്സ് ഒന്നു തണുത്തു. പുറത്ത് മഴ ചാറാൻ തുടങ്ങിയപ്പോഴേക്കും അവൾ ഉറക്കത്തിലാണ്ടിരുന്നു.

വീണ്ടും കഥകൾ.......

ചാനലുകളിൽ നിന്നും ചാനലുകളിലേക്ക്.....

പെട്ടെന്ന് ഒരു ചാനലിൽ റിമോട്ട് തടഞ്ഞു നിന്നു.

അതേ ഇരുണ്ട അന്തരീക്ഷം. അവൾ മരുഭൂമിയുടെ വിശാലതയിൽ ഒറ്റപ്പെട്ട ജയ്സാൽമറിലൂടെ നടക്കുകയാണ്, ക്ഷീണിച്ചവശയായി.

അവൾ വെള്ളത്തിനായി അലയുകയാണ്. അപ്പോൾ ദൂരെ ഒരു വലിയ കിണർ. അവൾ വ്യഗ്രതയോടെ നടന്ന് കിണറ്റിനടുത്തെത്തി അതിലേക്ക് എത്തിനോക്കി.

അതിലതാ താനും ആ സ്ത്രീയും മകനും വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നു. ചത്തു മലച്ച ആ ശരീരങ്ങൾ നോക്കി അവൾ ഒന്നു മന്ദഹസിച്ചു. എന്നിട്ട് കിണറ്റിൻ കരയിൽ കണ്ട തൊട്ടിയെടുത്ത് വെള്ളം കോരിക്കുടിച്ച് ദാഹമകറ്റി ദൂരേയ്ക്ക് നടന്നു നീങ്ങി.

അപ്പോഴേക്കും രാത്രിയുടെ കയറ്റുപടവിൽ നിന്നും പുലരിയിലേക്കുള്ള ഇറക്കു പടവിലെത്തിയിരുന്നു നിമിഷങ്ങൾ....



നർമ്മം

# ഈവനിംഗ് ഷോ!

റുക്സാന. കെ.എൻ
രണ്ടാം വർഷ കെമിസ്ട്രി

സമയം 7 മണി. 'ർണീം... ർണീം....' സീരിയൽ കാണാനിരുന്ന ഹേമലത ശപിച്ചുകൊണ്ട് ഫോണെടുക്കാൻ പോയി. അവൾ ശേഷം വേല്ക്കാരി ശോശാമ്മയോട് ദീപം കൊളുത്താൻ പറഞ്ഞു.

'എടീ, ശോശാമ്മേ?' ഹേമലത നീട്ടിവിളിച്ചു ചോദിച്ചു. "രാത്രിയിൽ അണിയാൻ പറ്റിയ വസ്ത്രമേതാടീ?" അതു നൈറ്റി തന്നെയാ കൊച്ചമ്മേ! ശോശാമ്മ പറഞ്ഞു: "ഹും, എന്നെ പരിഹസിക്കണ്ട. കഴിഞ്ഞാഴ്ച വാങ്ങിയ ആ നീല സാരി ഉടുത്താലോ." "ഹോ! അതു വേണ്ട, കഴിഞ്ഞ മഹിളാ സമാജത്തിനുടുത്തതല്ലേ?" "പളാപളാ മിന്നുന്ന മുത്തുവർക്കുള്ള ഓറഞ്ച് സാരിയാക്കാം. അതാകുമ്പോൾ രാത്രിയിൽ നല്ല ഷോ ഉണ്ടാകും. സാരി റെഡി! പിന്നെ എന്റെ ഹെയർ സ്റ്റൈൽ, മുടി മടക്കണോ? അതോ മുടി പരത്തി നീളമുള്ള മധ്യത്തിൽ തിളങ്ങുന്ന കല്ലു പതിച്ച നാഴയിടാം അല്ലേ ശോശാമ്മേ?" ശോശാമ്മ കൊച്ചമ്മയെ അനുകൂലിച്ചു. "കൊച്ചാപ്പി, പട്ടിക്കു പിന്നെ ഭക്ഷണം കൊടുക്കാം. ആ കണ്ണന്റെ ഷോപ്പിൽ ഞാൻ ഒരു സാധനം ഏൽപ്പിച്ചിട്ടുണ്ട്. എന്റെ പേര് പ്രത്യേകം എഴുതാൻ പറയണം."

ശോശാമ്മ അടുക്കളയിലേക്കും കൊച്ചാപ്പി കടയിലേക്കും പോയി. ഘടികാരത്തിന്റെ മണി ഒമ്പത് തവണ മുഴങ്ങി. ഹേമ പരിഭ്രാന്തയായി. ഒരു നൂറുകൂട്ടം ചോദ്യങ്ങൾ അവളുടെ മുഖത്ത് നിഴലിച്ചു. എന്റെ ക്രീം, വള, മാല, മോതിരം, സാരിക്കു യോജിച്ച കളർ ലിപ്സ്റ്റിക്, മസ്കാര....

അതാ മുറ്റത്ത് കാറിന്റെ ശബ്ദം സുജിത കാറിൽ നിന്നും പുറത്തിറങ്ങി. ഹേമലത ശോശാമ്മയെ ഒളികണ്ണിട്ടു നോക്കി. ശോശാമ്മ മന്ത്രിച്ചു: "ഹോ! കൊച്ചമ്മ തന്നെയാ സൂപ്പർ!" "എപ്പഴാ സുജീ ചടങ്ങ്? ഫോൺ വന്നപ്പോൾ ചോദിക്കാൻ മറന്നു!" സുജിതയും ഹേമയും കാറിൽ കയറി. വഴിയിൽ നിന്ന് കൊച്ചാപ്പിയുടെ കയ്യിൽ നിന്നും സാധനം വാങ്ങി. ഹേമ സുജിയോട്. "ആ. പിന്നെ ശവസംസ്കാരം കഴിഞ്ഞ് എപ്പോഴാ മടങ്ങുക?" "അതോ അത് അവിടുത്തെ മൂഡ് അനുസരിച്ചാക്കാം" സുജി മറുപടി പറഞ്ഞു.

കാർ മരണവീട്ടിലേക്ക് നീങ്ങി...!







കഥ:

# ഇവിടെ മാലാഖമാർ ജീവിക്കാറില്ല.


മനാഫ്. കെ.കെ
ഒന്നാംവർഷ ഇക്ണോമിക്സ്




"...എന്നിട്ടെന്തായി മാമാ?"

ഉറക്കച്ചടവ് വിട്ടുമാറിയിട്ടില്ലാതിരുന്ന കുഞ്ഞുമോൾ മാമന്റെ തോളിൽ മയങ്ങിക്കിടന്നു.

"രാജകുമാരന് മാലാഖയെ വിവാഹം കഴിക്കണം. അതിന് കുമാരൻ ആദ്യം ഒരു കൊട്ടാരമുണ്ടാക്കണം." "ഉം...!"

മാമൻ അവളുടെ കഴുത്തിൽ പതുക്കെ തലോടി 'ശ്ശ്...'

മാമൻ സ്വർണമാല വിറ്റ് നോട്ടുകൾ എണ്ണി കയ്യിൽ വാങ്ങുന്നത് കുഞ്ഞുമോൾ നോക്കിനിന്നു.

അങ്ങനെ മാലാഖക്കുട്ടി കൊട്ടാരത്തിലേക്ക്...

പൊട്ടിപ്പൊളിഞ്ഞ് ഇരുട്ട് കട്ട പിടിച്ച വീട്ടിൽ മാമൻ കുഞ്ഞുമോളെ കൊണ്ടുവന്നു.


'മാലാഖക്കുട്ടി എങ്ങനെ ഇവിടെ....?'


– കുഞ്ഞുമോൾ മാമന്റെ ചുവന്ന കണ്ണുകളിൽ പേടിയോടെ നോക്കി.

"ദൈവത്തിന്റെ സ്വന്തം നാടാണെങ്കിലും ഇവിടെ മാലാഖമാർ ജീവിക്കാറില്ല."

മാമന്റെ കൈകൾ കുഞ്ഞുമോളുടെ നഗ്നമേനിയിലൂടെ കഴുത്തിലെത്തി മുറുകി. ഒരു ഞെരക്കത്തോടെ മാലാഖയുടെ കഥ അവസാനിച്ചു;

അപ്പോഴും മാമന്റെ മുഖത്തെ ചിരി അവസാനിച്ചിരുന്നില്ല.......









കഥ:

# ഇരകൾ

രാജേഷ്. പി.ടി
എം.എ. ഇംഗ്ലീഷ്.



**അതെ, വേട്ടക്കാരൻ പുതിയ ഇരയ്ക്കു കെണിയൊരുക്കുകയായിരുന്നു...**

**"നമുക്ക്** പോകാം നകൂ.. നേരമൊരു പാടായി."

"പോകാം".

പെയ്യാൻ മടിക്കുന്ന മേഘങ്ങൾ അവരെ സംശയത്തോടെ നോക്കി. തിരമാലകൾ പൊതുവെ ശാന്തമായിരുന്നു- കൊടുങ്കാറ്റിനെ കാത്തിരിക്കുന്ന പോലെ

"എടാ... നകുലാ..."

വിളികേട്ട് നകുലൻ തിരിഞ്ഞു നോക്കി.

"എന്താടാ ഒരു ചുറ്റിക്കളിയൊക്കെ? ഇതാരാ കൂടെ...?"

"ഇത്..." നകുലൻ നിന്നു പരുങ്ങി.

"ഊംം നടക്കട്ടെ, നീ നിന്നു പരുങ്ങണ്ട. ഞാനൊരു ശല്യമാവുന്നില്ല.'' അയാൾ പോവാൻ തുനിഞ്ഞു.

"അല്ല..... നീ ടൗണിലേക്കാണോ"?

"അതെ"

"എങ്കിൽ ഞങ്ങളും വരുന്നു."

അവർ അയാളുടെ കാറിൽ കയറി. മായ ചിന്തയിലാണ്ടു. അമ്മ തന്നെ കാത്തിരിക്കുന്നുണ്ടാവും. ഫ്രണ്ടിന്റെ വീട്ടിലേക്കാണെന്ന് പറഞ്ഞ് ഇറങ്ങിയതാണ്. ഇതെങ്ങാനും വീട്ടിലറിഞ്ഞാൽ.! അവൾക്ക് ചിന്തിക്കാൻ കഴിയുമായിരുന്നില്ല. ഏട്ടൻ ഉച്ചക്ക് പോയിട്ടുണ്ടാവും. അടുത്തയാഴ്ച്ച പരീക്ഷയാണത്രെ.

കുണ്ടും കുഴിയും നിറഞ്ഞ റോഡിലൂടെ കാർ തിടുക്കത്തിൽ പോയികൊണ്ടിരുന്നു. അവൾ വെറുതെ പുറത്തേക്കു നോക്കി.

അവളുടെ മനസ്സിൽ കൊള്ളിയാൻ മിന്നി.

"നകൂ... നമ്മളെങ്ങോട്ടാണ്?"

''ആ... ഞാൻ പറയാൻ മറന്നു ഇതെന്റയൊരു ഫ്രണ്ടാ- ഇവനൊരു നിർബന്ധം നമ്മളിവന്റെ വീട്ടിലൊന്നു കയറണമെന്ന്. ഞാനതങ്ങ് സമ്മതിച്ചു."

"നകൂ... നകു വിളിച്ചപ്പോൾത്തന്നെ ഞാൻ പറഞ്ഞില്ലായിരുന്നോ. എനിയ്ക്ക് വേഗം തിരിച്ചു പോകണമെന്ന്. നേരമൊരുപാടായി."

''സാരമില്ല. നമുക്ക് പെട്ടെന്ന് മടങ്ങാം'' അവൻ സമാധാനിപ്പിച്ചു. പിന്നെ അവളൊന്നും പറഞ്ഞില്ല. വീണ്ടും ചിന്തകൾ. 'ദ സൺ ഈസ് ഗോയിംഗ് ടു ഡിപ്പ് ഇൻ ദ സീ'- ഏതോ ഗ്രാമർ ക്ലാസ്സിൽ കേട്ട വരികൾ അവൾ വെറുതെ ഓർത്തു.

"ഇറങ്ങാം"- നകുലൻ ഡോർ തുറന്നപ്പോഴാണ് അവൾക്ക് സ്ഥലകാലബോധം വന്നത്.

ഒറ്റപ്പെട്ട ഒരു വീട്. അടിച്ചു വൃത്തിയാക്കിയിട്ടില്ലാത്ത മുറ്റം. ഗൂഢമായ നിശബ്ദത മായയേ വരവേറ്റു. സുഹൃത്ത് അവരെ സ്വീകരിച്ചിരുത്തി.

''മായ വരൂ- നമുക്കാ മുറിയിലിരിക്കാം"- നകുലൻ അവളെ ക്ഷണിച്ചു.

"നകൂ.. നേരം വൈകുന്നു"- അവൾ ആകുലപ്പെട്ടു.

"ശരി മായേ നീയിരിക്ക്- ഞാനവനോട് കാപ്പിയും ചായയും വേണ്ടാന്ന് പറയട്ടെ."

നകുലൻ വാതിൽ ചാരി. പുറത്ത് ചാറ്റൽമഴ പെയ്യാൻ തുടങ്ങിയിരിക്കുന്നു. എത്രയും പെട്ടെന്ന് വീട്ടിലെത്തിയാൽ മതിയായിരുന്നു. മായ ചിന്തിച്ചു. ഇറങ്ങിപുറപ്പെട്ടപ്പോഴുണ്ടായ ആവേശം അവളിൽ നിന്നും പോയ്ക്കഴിഞ്ഞിരുന്നു.

പെട്ടെന്ന് വാതിൽ തുറക്കപ്പെട്ടു. പക്ഷേ അത് നകുലനായിരുന്നില്ല. അവൾ എന്തെങ്കിലും പറയും മുമ്പ് അയാൾ വാതിലടച്ച് സാക്ഷയിട്ടിരുന്നു.

അവൾ അലറിവിളിക്കാൻ ശ്രമിച്ചു. പക്ഷേ അപ്പോഴേക്കും അയാളുടെ കനത്ത കൈകൾ അവളുടെ വായ മൂടിയിരുന്നു.

പുറത്ത് മഴ ശക്തിയായി പെയ്യാൻ തുടങ്ങി. പുതുമണ്ണിലേക്ക് കനത്ത മഴത്തുള്ളികൾ ആഴ്ന്നിറങ്ങി.

പലരും മുറിയിൽ വന്നിറങ്ങിപ്പോകുന്നത് മായ അവ്യക്തതയോടെ അനുഭവിക്കുന്നുണ്ടായിരുന്നു.

സൂര്യൻ പൂർണ്ണമായും അസ്തമിച്ചു.

സ്വീകരണമുറിയിൽ നകുലൻ മദ്യത്തിന്റെ ലഹരിയിൽ തനിക്കു കിട്ടിയ പിടയ്ക്കുന്ന നോട്ടുകൾ എണ്ണിതിട്ടപ്പെടുത്തി കൊണ്ടിരുന്നു.

എന്തോ ഓർമ്മ വന്ന പോലെ തിടുക്കത്തിലയാൾ എണ്ണൽ നിർത്തി തന്റെ മൊബൈൽ ഫോണിൽ ഒരു നമ്പർ ഡയൽ ചെയ്തു.

അതെ, വേട്ടക്കാരൻ പുതിയ ഇരയ്ക്കു കെണിയൊരുക്കുകയായിരുന്നു....



# ഞാനും ഏകയല്ലേ കുറിഞ്ഞീ...

ഞാനും ഏകയല്ലേ കുറിഞ്ഞീ...

ഓർമ്മ
സോനാ ജോർജ്ജ്
എം.കോം.

**ചുട്ടു** പഴുത്ത ഇരുമ്പ് ദണ്ഡിലേക്ക് വീഴുന്ന ഒരു ചെറിയ ജലകണം പോലെയായിരുന്ന എന്റെ കൈയിലേക്ക് പോസ്റ്റുമാൻ തന്ന ഇന്റർവ്യൂകാർഡ്. കണ്ണുകൾ അറിയാതെ ഇന്റർവ്യൂ സമയവും തീയ്യതിയും അന്വേഷിച്ചു യാത്രയായി. 15 ജൂൺ 9 am. ഇങ്ങ് ഗ്രാമത്തിൽ നിന്നും എത്രയോ അകലെ പച്ച പരിഷ്ക്കാരികളുടെ ഇടയിലേക്ക് ഇനി എത്ര ദൂരം? കലണ്ടറിൽ ദിവസം തെളിയുന്നു. ജൂൺ 14. ഇനിയും ഒരു ദിവസം മാത്രം. ആദ്യമായിട്ടാണീ അവസ്ഥ. ഇത്രനാളും വീടും വീട്ടുകാരും നന്ദിനിപശുവും മാളുപ്പൂച്ചയും ഊശാളൻ നായയും കറമ്പൻ കാളയും മീനുത്തത്തയും ഒക്കെ ശരിക്കും ഉൽസവമാക്കിയിരുന്നു ഇവിടത്തെ ഓരോ നിമിഷവും. അവരെ വിട്ടു പോവാൻ വയ്യ. പോയാൽ തന്നെ സന്ധ്യക്ക് കാവിൽ വിളയ്ക്കു വെയ്ക്കുവാനും തുളസിത്തറയിൽ തിരിയിടാനും ആരാ ഉണ്ടാവുക? അപ്പു ഇതൊക്കെ ഓർത്തു നടത്തുമോ? ആലോചിച്ചിട്ട് ഒരു എത്തും പിടിയും കിട്ടുന്നില്ല.

പുറത്ത് മഴയുടെ ആരവം. തുണികൾ ഉണങ്ങാനിട്ട കാര്യം ഇപ്പഴാ ഓർമ്മയിൽ വന്നത്. ദൂരെ നിന്ന് ഗോവിന്ദൻമാമയുടെ വരവ് കാണാം. അഡ്മിഷന്റെ കാര്യത്തെകുറിച്ചുള്ള അന്വേഷണത്തിനാവും ഈ വരവ്. ഇപ്പോൾ അമ്മയും ഗോവിന്ദൻമാമയും യാത്രയുടെ കാര്യങ്ങൾ തീർച്ചപ്പെടുത്തുന്നതു കേൾക്കാം. വലിയ പ്രശസ്തിയുള്ള കോളേജാണ്. അവിടെ അഡ്മിഷൻ കിട്ടുക ചില്ലറ വിഷയമല്ല എന്നൊക്കെ. അധികം കേട്ടു നിൽക്കാൻ തോന്നിയില്ല. മനസ് പ്രക്ഷുബ്ധമായിരുന്നു. അറിയാതെ എവിടെയോ ഒരു വിങ്ങൽ. പക്ഷേ എന്റെ സെന്റിമെൻസൊന്നും ആർക്കും അറിയണ്ടല്ലോ. നാളെ 15. കാലത്തു തന്നെ പുറപ്പെടണം. അകത്ത് അമ്മ കൊണ്ടു പോകാനുള്ള സാധനങ്ങൾ ഉണ്ടാക്കുന്ന തിരക്കിലാണ്. കടുകിന്റെയും ഉലുവയുടെയും സമ്മിശ്ര ഗന്ധം. ഇരുട്ടു കനക്കുന്നുണ്ടെങ്കിലും നന്ദിനിയെ കാണാം. കണ്ണനെ അവൾ ചേർത്ത് നിർത്തി എന്തോ അടുക്കം പറയുന്നത് പോലെ തോന്നുന്നു. മനസിൽ പറഞ്ഞു. കണ്ണാ ഇനി നിനക്ക് രഹസ്യത്തിൽ വന്ന് പാലു കുടിക്കാനൊന്നും കഴിയില്ല. അമ്മ നിന്നെ കെട്ടിയിടും. മീനു ഉറക്കമായെന്നു തോന്നുന്നു.

അത്താഴത്തിനൊന്നും ഒരു സ്വാദുമുണ്ടാ

യില്ല. കേശപരിപാലനത്തെകുറിച്ചും ഉണ്ടാക്കിയ താളിപ്പൊടിയെക്കുറിച്ചും മുത്തശ്ശി ഇടതടവില്ലാതെ സംസാരിച്ചുകൊണ്ടിരുന്നു. എപ്പഴോ ഉറങ്ങിപ്പോയി. ഉറക്കത്തിലും വീടിന്റെ ഓർമ്മകളെകൊണ്ട് നിറഞ്ഞിരുന്നു. ഉറക്കച്ചടവോടെ കാലത്ത് തന്നെ പോകാൻ ഒരുക്കമായി. ഒരു നൂറുകൂട്ടം സാധനങ്ങൾ കാറിന്റെ ഡിക്കിൽ വെച്ചു. ഗോവിന്ദൻമാമ ആകെ ഉത്സാഹത്തിലാണ്. രഘുവിനോട് എന്തൊക്കെയോ തമാശകൾ പറഞ്ഞു ചിരിക്കുന്നതും അയൽപക്കത്തെ ലക്ഷ്മിയും ദേവുവും ഒക്കെ വേലിറമ്പിൽ നിന്ന് അസൂയയോടെ നോക്കുന്നതും ഒക്കെ കണ്ടപ്പോൾ ആകെ നോവുകയായിരുന്നു ഞാൻ. ഊശാളൻ എന്നെ മനസ്സിലാക്കിയതു പോലെ മോങ്ങികൊണ്ടിരുന്നു. ഒരു ചെറിയ കമ്പ് അവന്റെ കാലിനോടു ചേർത്ത് പിടിച്ച് പോവരുതേയെന്ന് പ്ലക്കാർഡുയർത്തി കാണിക്കുന്നതു പോലെ എനിക്കു തോന്നി.

മാളു യാത്രാമൊഴിയൊന്നും നൽകാൻ ശക്തയല്ലന്ന് തോന്നുമാറ് അവശയായി അടുക്കളയുടെ ഓരം ചേർന്ന് കിടപ്പായിരുന്നു. വണ്ടി സ്റ്റാർട്ടാക്കി. ഞാൻ അമ്മയെ നോക്കി. അമ്മയുടെ ധൈര്യം ചോർന്നതു പോലെ. എന്നെ ചേർത്തു പിടിക്കവേ ഞാനറിഞ്ഞു ഒരു നേർത്ത തേങ്ങൽ- ചുടുനിശ്വാസങ്ങളുടെ ഒപ്പം കുറേ ചുടു നീർക്കണങ്ങൾ എന്റെ മൂർദ്ധാവിൽ വീണു ചിതറി. മുണ്ടിന്റെ കോന്തല കൊണ്ട് കണ്ണീരൊപ്പുന്നതിനിടെ മുത്തശ്ശി അവ്യക്തമായി പറഞ്ഞു: 'നന്നായി വരും'

കാറിൽ കടന്നിരുന്നപ്പോഴും വണ്ടി നീങ്ങിത്തുടങ്ങിയപ്പോഴും എല്ലാം തനിക്ക് വ്യക്തമായിരുന്നു. ഞാനും കരയുകയായിരുന്നു. പച്ചപ്പഴങ്ങളും കല്ലൻപുഴയും കടന്ന് കാർ കുതിച്ചു പായുകയായിരുന്നു. അപ്പുവിന്റെ കൂടെ കളിച്ചിരുന്ന സ്ഥലങ്ങളും ആമ്പൽക്കുളവും പുളിമരവും ഗതകാലസ്മരണകളിൽ ഇടം പിടിച്ചിരുന്ന സ്മാരകശിലകളായിരുന്നു. വഴിയിൽ ഭഗവതിക്ക് കാണിക്കയിടാൻ ഇറങ്ങിയപ്പോൾ അറിയാതെ കണ്ണുകൾ ആലിൻതറയിലേക്ക് നീങ്ങി. അവിടെ നിത്യവും ഒരു ചെറു മന്ദഹാസവുമായി എന്നെ എതിരേൽക്കാറുണ്ടായിരുന്നു ദേവേട്ടൻ. പലപ്പോഴും അപ്പുവും ഞാനും തമ്മിൽ പിണങ്ങിയാൽ പിന്നെ സ്കൂളിൽ പോക്ക് രണ്ട് വഴിക്കാവും. അപ്പോൾ പലപ്പോഴും ദേവേട്ടൻ പറയുമായിരുന്നു. നീ ഇപ്പോഴും അപ്പുവിനേക്കാൾ ഇളയതായി ചിന്തിക്കുന്നത് കൊണ്ടാണീ വാശിയെന്ന്. പിന്നെ




കുറേ കഥകളും വഴിയിൽ കേൾക്കാനുണ്ടാവും. ദേവേട്ടനും കുറേ കാലം ദൂരെ വലിയൊരു കോളേജിൽ പോയി പഠിച്ചതായിരുന്നു. പിന്നീട് പഠനത്തിനിടെ രാഷ്ട്രീയത്തിലൊക്കെ സജീവമായെന്നും കോളേജിൽ സംഘട്ടനമുണ്ടാക്കാൻ മുൻകൈയെടുത്തതു കൊണ്ട് അവിടെ നിന്നും പുറത്താക്കിയതാണെന്നുമൊക്കെ അമ്മ പറഞ്ഞു കേട്ടിരുന്നു. നാട്ടിലും ദേവേട്ടൻ ഒരു 'റിബൽ' ആയിരുന്നു. അത് കൊണ്ട് ആർക്കും അദ്ദേഹത്തെ ഇഷ്ടമായിരുന്നില്ല. പക്ഷേ എനിക്ക് ഇഷ്ടമായിരുന്നു; ആരാധനയായിരുന്നു. വണ്ടി നീങ്ങിതുടങ്ങിയപ്പോഴും ഞാൻ തിരഞ്ഞു. പക്ഷേ മനസ് യാത്ര ചോദിക്കുന്നുണ്ടായിരുന്നു.

ചെറുതായൊന്നു ഉറങ്ങിപ്പോയെന്നു തോന്നുന്നു. മാമൻ കുലുക്കി വിളിച്ചപ്പോഴാണ് കണ്ണുതുറന്നത്. മുൻപിൽ വലിയൊരു കെട്ടിടം. പണ്ടെങ്ങോ വായിച്ചതു പോലെ ഗോഥിക് ശില്പചാതുര്യം, തൂണുകളിൽ യവന പാരമ്പര്യം. നിറങ്ങൾ ചാലിച്ചെടുത്തത് പോലെ അവിടെ ആൺകുട്ടികളും പെൺകുട്ടികളും. പുതിയ ലോകം പുതിയ അന്തരീക്ഷം. ഓഫീസ് മുറിയുടെ വാതിൽ മലർക്കെ തുറക്കപ്പെട്ടു. പ്രിൻസിപ്പലിന്റെ നീണ്ട ഉപദേശങ്ങൾക്കൊടുവിൽ മാമൻ തലവണങ്ങി. പുറത്തിറങ്ങിയപ്പോൾ പെട്ടികൾ എടുത്ത് കൊണ്ട് മറ്റൊരു ചെമ്മൺ പാതയിലൂടെ... 'നന്നായി പഠിക്കണം', മാമന്റെ കണ്ഠമിടറിയോ...? ഒന്നും പറയാതെ മറ്റെവിടെയോ നോക്കി മാമൻ യാത്ര ചോദിച്ചു. ഗേറ്റുകൾ വീണ്ടും അടഞ്ഞു. മനസിൽ ഒരു കടൽ പ്രക്ഷുബ്ധം കൊള്ളുന്നതു പോലെ തോന്നി. മുൻപോട്ടു നടക്കുന്നതിനിടെ എന്തോ കാലിൽ തട്ടിയതു പോലൊരു തോന്നൽ. നോക്കിയപ്പോൾ ഒരു കുഞ്ഞുകുറിഞ്ഞിപൂച്ച. ആരോ ഉപേക്ഷിച്ചതു പോലെ. പ്രതീക്ഷയോടെ അവളെന്നെ നോക്കുകയായിരുന്നു. ഞാനും അവളെ നോക്കി, മനസിൽ ഇങ്ങനെ പറഞ്ഞു: 'ഞാനും ഏകയല്ലേ കുറിഞ്ഞീ...!'

# രണ്ട് കഥകൾ

നൗഷാദ്
എം.എ. ഹിസ്റ്ററി



## വിധേയത്വം

**ആദ്യം** തേടിയെത്തിയത് കുറെ വെളുത്ത മനുഷ്യകോലങ്ങൾ. ശേഷം കുപ്പിപ്പാനീയം നൽകി മയക്കികിടത്തി. പണവും വസ്ത്രവും വാഹനവും ആയുധവും നൽകി അനുഗ്രഹിച്ചു. പഴഞ്ചൻ സംസ്കാരത്തെ പിടിച്ചുവാങ്ങി പുതിയതൊന്ന് ദാനമായ് നൽകി. മസ്തിഷ്കവും, ജീവിതം തന്നെയും ഗുരു ദക്ഷിണയായ് നൽകി നാം വിധേയത്വമുറപ്പിച്ചു; കൂടെ ഒരു സ്ഥാനപ്പേരും, "പാശ്ചാത്യത്തിന്റെ എച്ചിലു പേറുന്നവർ."

## വികസന യാത്ര

**ഇരകളിൽ** നിന്നുതിർന്നവീണ കണ്ണുനീരുറവകൾ തീർത്ത കായലിലൂടെ വഞ്ചിയൊഴുകുകയാണ്. അതിന്റെ നിർമ്മാണം അവരുടെ സ്വപ്നങ്ങൾ ഉരുക്കിയെടുത്ത് കൊണ്ടാണ്. അതിലെ ഇരിപ്പിടങ്ങളുടെ സൃഷ്ടിപ്പ് തല്ലിത്തകർത്ത ക്രൂരതയുടെ അവശിഷ്ടങ്ങളാൽ. അതിന്റെ പങ്കായം പിറന്നുവീണ മണ്ണിന്റെ തലയോട്ടിയും അസ്ഥിയും ചേർത്താണ് രൂപപ്പെടുത്തിയത്. യാത്രക്കാർ തൊഴിലില്ലാത്ത, കരുത്ത് ചോർന്നു പോയ ചങ്ങലക്കിടപ്പെട്ട കുറെ മനുഷ്യകോലങ്ങൾ; നയിക്കുന്നത് വേട്ടക്കാരന്റെ കരങ്ങളും.